78 (1184) ആലപ്പുഴ നഗരത്തിലെ കടൽഭിത്തി നിർമ്മാണം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിലെ കടൽത്തീര പ്രദേശങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്ര കിലോമീറ്റർ ദൂരത്ത് പുതിയതായി കടൽഭിത്തി നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സർക്കാർ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്;

(സി) എത്ര കിലോമീറ്റർ ദൂരം പഴയ കടൽഭിത്തി അറ്റകുറ്റപ്പണികൾ ചെയ്ത് പുതുക്കി സംരക്ഷിച്ചിട്ടുണ്ട്;

(ഡി) ആലപ്പുഴ ജില്ലാ ആശുപത്രിക്ക് സമീപം കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി ഏതുവരെയായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; എത്ര മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) നഗരത്തിലെ വാടയ്ക്കൽ, ബീച്ച് തുടങ്ങിയ വാർഡുകളിലെ കടൽപ്രദേശത്തെ ഭിത്തി നിർമ്മാണത്തിന് സർക്കാർ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ നിർമ്മാണജോലി ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ നിർമ്മാണജോലികൾ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ആലപ്പുഴ നഗരത്തിലെ കടൽത്തീര പ്രദേശങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പുതിയതായി കടൽഭിത്തി നിർമ്മിച്ചിട്ടില്ല.

(സി) 300 മീറ്റർ ദൂരം.

(ഡി) ആലപ്പുഴയിൽ സി.പി. 4874നും 4872നും ഇടയ്ക്ക് 250 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മാണത്തിന് ഭരണാനുമതി നൽകിക്കഴിഞ്ഞു. ഈ പ്രദേശം പോർട്ട് വകുപ്പിന്റെ അധികാരപരിധിയിലാണ്. തുറസ്സായ സ്ഥലം പോർട്ടിന്റെ വികസന പ്രവൃത്തികൾക്ക് ആവശ്യമായതിനാൽ കടൽഭിത്തി നിർമ്മിക്കുന്നതിന് പോർട്ട് ഡയറക്ടർ അനുമതി നൽകിയില്ല. 100 മീറ്റർ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള അനുവാദം മാത്രമാണ് പോർട്ട് ഡയറക്ടർ നൽകിയിട്ടുള്ളത്. ഇവിടെ 250 മീറ്റർ കടൽഭിത്തി നിർമ്മിച്ചാൽ മാത്രമേ പ്രസ്തുത പ്രദേശത്തെ കടലാക്രമണത്തിൽ നിന്നും രക്ഷിക്കാൻ കഴിയുകയുള്ളൂ. 100 മീറ്റർ ദൂരത്തിൽ കടൽഭിത്തി കെട്ടുവാൻ വേണ്ടിയുള്ള ദർഘാസ് അംഗീകരിക്കുകയും പണി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ആലപ്പുഴ നഗരത്തിലെ വാടയ്ക്കൽ, ബീച്ച് തുടങ്ങിയ വാർഡുകളിൽ 300 മീറ്റർ കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. ബാക്കി 50 മീറ്റർ അറ്റകുറ്റപ്പണി പുരോഗതിയിലാണ്. നിർമ്മാണജോലി ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നാല് വർക്കുകൾ ടെണ്ടർ ചെയ്യുകയും ടെണ്ടർ പിടിക്കുവാൻ ആളില്ലാത്തതിനാൽ രണ്ട് പണികൾക്ക് ക്വട്ടേഷൻ ക്ഷണിക്കുകയും രണ്ട് പണികൾ 29.6.1999ൽ റീ ടെണ്ടർ ചെയ്യുകയും ചെയ്തു.

79 (1185) കടൽഭിത്തി നിർമ്മിക്കുന്നതിന് നടപടി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ഇടവാക്കുട തീരപ്രദേശങ്ങളിലെ കടൽ തീരങ്ങൾ സംരക്ഷിക്കുന്നതിന് എന്തൊക്കെ കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; കടൽഭിത്തി നിർമ്മാണം ഇവിടെ ഇപ്പോൾ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) വർക്കല പാപനാശം മുതൽ പരവൂർ തെക്കുഭാഗംവരെ കടൽത്തീര പ്രദേശങ്ങളിൽ ഏതൊക്കെ ഭാഗങ്ങളിൽ ഇനി പാറ അടുക്കൽ ബാക്കിയുണ്ടെന്നും എന്തൊക്കെ കാര്യങ്ങൾ ഇനി ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വർക്കല മണ്ഡലത്തിലെ ഇടവായുടെ തീരപ്രദേശങ്ങളിൽ കൂടുതൽ കടലാക്രമണം അനുഭവപ്പെട്ട സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. കടൽഭിത്തി നിർമ്മാണം ഇപ്പോൾ ഇടവ തീരപ്രദേശങ്ങളിൽ നടക്കുന്നില്ല. എന്നാൽ കടൽഭിത്തിക്കുണ്ടാകുന്ന അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നടത്താറുണ്ട്.

(ബി) വർക്കലയിൽ ആലിറക്കം, ജനാർദ്ദനപുരം, ഇടവ, കാപ്പിൽ എന്നീ ഭാഗങ്ങളിൽ ഇനി പാറ അടുക്കാൻ ഉണ്ട്. പാപനാശം ഭാഗത്തു കി.മീ. 66.060 നും, 66.900 നും ഇടയ്ക്ക് 750 മീറ്റർ നീളത്തിൽ കടൽഭിത്തി പുനരുദ്ധരിക്കുന്നതിനും, പാപനാശം ക്ലിഫ് ഭാഗത്ത് 364 മീറ്റർ നീളത്തിൽ ടൂറിസം ബീച്ചിന്റെ അടിയന്തിര സംരക്ഷണജോലിയും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

80 (1186) ആലപ്പുഴ നഗരത്തിലെ കനാലുകളുടേയും കായലുകളുടേയും നവീകരണം

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിലെ കനാലുകൾ ആഴം കൂട്ടുന്നതിനും നവീകരിക്കുന്നതിനുമായി എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) നഗരത്തിലെ കനാലുകളുടേയും കായലുകളുടേയും സംരക്ഷണത്തിനായി കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) കായലുകളുടേയും കനാലുകളുടേയും സംരക്ഷണത്തിനായി ഭിത്തി കെട്ടിയിട്ടുണ്ടോ; എങ്കിൽ എത്ര മീറ്റർ ദൂരം ഭിത്തികെട്ടി സംരക്ഷിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly